# മലങ്കര ശ്ലൈഹീക സിംഹാസനത്തിന്റെ മെത്രാപ്പോലീത്താ
# ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്തായിൽ നിന്നും

സർക്കുലർ നം. 223

നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തുപട്ടക്കാരും,
പള്ളികൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്

**കർത്താവിൽ വാത്സല്യമുള്ളവരെ,**

ഇടവകകൾക്ക് അയയ്ക്കുന്ന കൽപ്പനകൾ ജനങ്ങളുടെ ശ്രദ്ധയ്ക്കായി പരസ്യങ്ങൾ അറിയിക്കുന്ന സന്ദർഭത്തിൽ പള്ളിയിൽ നിർബന്ധമായും വായിച്ചിരിക്കേണ്ടുന്നതാണ്. ഈ കൽപ്പന ആനുകാലിക സംഭവ വികാസങ്ങളുടെ പശ്ചാത്തലത്തിൽ അയയ്ക്കുന്ന ഒന്നാണ്.

കർത്താവിൽ പ്രിയരെ,

ഈ അടുത്ത സമയത്ത് മനുഷ്യ നിർമ്മിതവും, പ്രകൃതി നിർമ്മിതവുമായ അനേകം ദുരന്തങ്ങൾ ലോകമെമ്പാടും വ്യാപരിച്ചുകൊണ്ടിരിക്കുന്നതിന്റെ പരിഭ്രാന്തിയിൽ മാനവരാശി ഒന്നടങ്കം ആശങ്കാ കുലരായിത്തീർന്നിരിക്കുകയാണ്. മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്ന വാർത്തകളാണ് അനുദിനം അനുനിമിഷം വാർത്താമാധ്യമങ്ങളിലൂടെ പുറത്തുവന്നുകൊണ്ടിരിക്കുന്നത്. ഭൂകമ്പങ്ങൾ, വംശഹത്യാ പ്രവണതകൾ, പീഡനങ്ങൾ, മതേതരത്വത്തിന്റെ ആത്മാവിനെതന്നെ മുറിവേൽപ്പിക്കുന്ന വർഗീയ ഭീഷണികൾ ഇവയെല്ലാം നമ്മുടെ സാമൂഹിക അന്തരീക്ഷ ത്തെതന്നെ അന്ധകാരത്തിലാഴ്ത്തിയിരിക്കുകയാണ്. പശ്ചിമേഷ്യയിൽ നടന്നുകൊണ്ടിരിക്കുന്ന വംശഹത്യകൾ മനുഷ്യജീവിതത്തിന്റെ മഹത്വത്തെയും, സ്വാതന്ത്ര്യത്തെയും നിഷേധിക്കുന്നതും, മാനവീകതയുടെ അന്തഃസത്തയെ കളങ്കപ്പെടുത്തുന്നതുമാണ്. നൂറ് വർഷങ്ങൾക്കുമുമ്പ് അർമേനിയായിലെ ക്രൈസ്തവ സഭയ്ക്കെതിരായി ഉണ്ടായ ഓട്ടോമാൻ പടയോട്ടക്കാലത്ത് 15 ലക്ഷത്തിലധികം ക്രൈസ്തവരാണ് ക്രൂരമായി വധിക്കപ്പെട്ടത്. ആ രക്തസാക്ഷിത്വത്തിന്റെ നൂറാം വാർഷിക അനുസ്മരണ വേളയിൽ ആ 15 ലക്ഷം രക്തസാക്ഷി കളെയും സഭ വിശുദ്ധരായി പ്രഖ്യാപിക്കുകയുണ്ടായി. പശ്ചിമ ഏഷ്യയിലെ രക്തസാക്ഷികളായ ക്രൈസ്തവ വിശ്വാസികളുടെ കുടുംബങ്ങളെ ഓർത്ത് നാം പ്രാർത്ഥിക്കുകയും, അവരുടെ വിശ്വാസ സ്ഥിരതയെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യാം. മതത്തിന്റെ പൊരുളായ ദൈവസ്നേഹത്തിലും, സഹോദര സ്നേഹത്തിലും മനുഷ്യത്വത്തിന്റെ വീണ്ടെടുപ്പ് എല്ലായിടങ്ങളിലും ഉണ്ടാകേണ്ടുന്നതിനായി നമുക്ക് നിരന്തരം പ്രാർത്ഥിക്കാം. മനുഷ്യമുഖങ്ങളിൽ ശത്രുമുഖങ്ങളെക്കാണാതെ ദൈവമുഖം കാണുന്നതിന് മനസ്സിന് രൂപാന്തരം ഉണ്ടാകേണ്ടുന്നതിനായി പരിശുദ്ധാത്മ നൽവരങ്ങൾക്കായി യാചിക്കാം.

അടുത്തസമയത്തായി നമ്മുടെ സമീപ രാജ്യമായ നേപ്പാളിലും, ചുറ്റുമുള്ള രാഷ്ട്രങ്ങളിലും, ചില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും ഉണ്ടായ ഭൂകമ്പങ്ങൾ വരുത്തിവച്ച കെടുതികൾ വിലയിരുത്താൻ കഴിയാതെവണ്ണമുള്ള ഭീകരതയാണ് വിതച്ചത്. രണ്ടുവർഷം മുമ്പ് ഹിമാലയത്തിന് സമീപത്തായുള്ള ഉത്തരാഖണ്ഡ് സംസ്ഥാനത്തിലുണ്ടായ മേഘസ്ഫോടനത്തിൽ ഭവനരഹിതരായവർക്കുവേണ്ടി ഒരു ഭവന നിർമ്മാണ പദ്ധതി സഭയായി ഏറ്റെടുക്കുകയുണ്ടായി. സഭയായി നിർമ്മിച്ച 20 വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലെത്തിയിരിക്കുകയാണ്. ജൂലൈമാസവസാനത്തോടുകൂടി കൂദാശ നിർവ്വഹിച്ച് വീടുകൾ ഗ്രാമവാസികൾക്ക് കൈമാറുവാൻ ആഗ്രഹിക്കുന്നു. ഒരു വീടിന് 5 ലക്ഷം രൂപാ എന്ന നിരക്കിൽ 1 കോടി രൂപാ ഈ ആവശ്യത്തിലേക്കായി വിനിയോഗിക്കേണ്ടതായി വന്നു. ഈ ഉദ്യമത്തിൽ സഹകരിച്ച സഭാ ജനങ്ങളെയും, ഇടവകകളെയും, സ്ഥാപനകളെയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു.

ഇപ്പോൾ നേപ്പാളിലും, ഭാരതത്തിന്റെ വിവിധ സംസ്ഥാനങ്ങളിലും ഉണ്ടായ ഭൂകമ്പം ഉൾപ്പെടെയുള്ള പ്രകൃതി ദുരന്തങ്ങളിൽ ദുരിതമനുഭവിക്കുന്നവരെ അവരുടെ വേദനകളുടെ ഈ നാളുകളിൽ അവരെ കരുതുവാനുള്ള സമൂഹത്തിന്റെയും, രാഷ്ട്രത്തിന്റെയും ഉത്തരവാദിത്വത്തിൽ സഭയ്ക്കും അതിന്റേതായ ഒരു പങ്ക് നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. നാം സുരക്ഷിതരായി നമ്മുടെ ഭവനങ്ങളിൽ കഴിയുമ്പോൾ തങ്ങൾക്കുള്ളതെല്ലാം നഷ്ടപ്പെട്ട് മുകളിൽ ആകാശവും, താഴെ ഭൂമിയും എന്ന അവസ്ഥയെക്കാൾ ഗുരുതരമായ രീതിയിൽ ഭീതിയുടെ നിഴലുകൾ വീഴ്ത്തുന്ന ആകാശവും, അടിസ്ഥാനങ്ങൾ തന്നെ ഇളക്കിമറിക്കുന്ന ഭൂമിയുടെ പ്രവണതകളും നമ്മുടെ ഈ സഹോദരങ്ങളെ കൊടിയ വേദനകളിലേക്കാണ് തള്ളിവിട്ടിരിക്കുന്നത്. അവരുടെ ആശ്വാസത്തിനായും ജീവിതത്തിന്റെയും, ചുറ്റുപാടുകളുടെയും, പുനഃരുദ്ധാരണത്തിനായും, പ്രാർത്ഥിക്കുന്നതിനോടൊപ്പം തന്നെ അവരുടെ കണ്ണുനീരൊപ്പുവാൻ നമ്മുടെ കരങ്ങൾ നീട്ടപ്പെടേണ്ടതായിട്ടുമുണ്ട്. കൂപ്പിയ കരങ്ങളും, തുറന്ന കരങ്ങളും സത്യവിശ്വാസിയുടെ ആത്മാർത്ഥമായ സ്നേഹത്തിന്റെ അടയാളങ്ങളായി മാറണം. ഗവർൺമെന്റിന്റെ സഹകരണത്തോടുകൂടി ദുരിത ബാധിത മേഖലകളിൽ ഭവന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ സഭയായി ആഗ്രഹിക്കുന്നു. ഒരു വീടിന് 5 ലക്ഷം രൂപായോളം ചെലവ് പ്രതീക്ഷിക്കുന്നു. നമ്മുടെ എല്ലാ ഇടവകകളും ഒരു ഞായറാഴ്ചത്തെ സ്തോത്രകാഴ്ച ഇതിനായി വേർതിരിച്ച്, സമാഹരിച്ച് ജൂൺ 30ന് അകം സഭാ ഓഫീസിൽ നൽകുവാൻ പ്രത്യേകം ശ്രദ്ധിക്കണം. സഭയിലെ സ്ഥാപനങ്ങൾക്കും ഈ പ്രവർത്തനത്തിൽ പങ്കുകാരാകാവുന്നതാണ്. വ്യക്തികളും, സ്ഥാപനകളും, പള്ളികളും, ഒരു വീടിനുള്ള 5 ലക്ഷം രൂപാ നൽകി ഈ ഉദ്യമത്തിൽ പങ്കുകാരാകുന്നത് ഏറെ അഭികാമ്യമാണ്. അങ്ങനെയെങ്കിൽ കൂടുതൽ വീടുകൾ നിർമ്മിച്ച് നൽകുവാൻ നമുക്ക് സാധ്യമായിത്തീരുന്നതാണ്.

വീണ്ടും വിശ്വാസികളെ,

അപ്രതീക്ഷിതമായി സംഭവിച്ച ഈ പ്രകൃതി ദുരന്തത്തിൽ ദുരിതമനുഭവിക്കുന്നവരുടെ ആശ്വാസത്തിനായി നാം എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം. ചരിത്രത്തെ നിയന്ത്രിക്കുന്ന ദൈവം, സകല പ്രപഞ്ചത്തിന്റെയും സൃഷ്ടികർത്താവും, പരിപാലകനുമായ ദൈവം നമ്മുടെ അകൃത്യങ്ങൾ കണക്കിടാതെവണ്ണം നമ്മെ സ്നേഹിക്കുന്ന ദൈവം-ഈ ദൈവത്തിന്റെ കരങ്ങളിലേക്ക് നമ്മെയും ദുരന്തത്തിന്റെ കയ്പ്നീർകുടിക്കുന്ന നമ്മുടെ സമസൃഷ്ടങ്ങളെയും പൂർണസമാധാനത്തിൽ കാക്കേണ്ടതിനായി സമർപ്പിക്കാം.

കൃപ നിങ്ങളോടേവരോടുംകൂടെ ഇരിക്കുമാറാകട്ടെ എന്ന്,

തിരുവല്ലാ പുലാത്തീനിൽ നിന്നും 2015 ഏപ്രിൽ 22-ാം തീയതി

**ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**